(4) മുക്കാടത്ത് മുഹമ്മദ് കുഞ്ഞിയുടെ ദുരൂഹമരണം

ശ്രീ. സി.കെ.പി. പത്മനാഭൻ: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മുക്കാടത്ത് മുഹമ്മദ് കുഞ്ഞി കഴിഞ്ഞ 13-ാം തീയതി രാത്രി ഒരുസംഘം ആളുകൾ വന്ന് വിളിച്ചുകൊണ്ടു പോയി. 14-ാം തീയതി ഇയാൾ തിരിച്ച് വരാത്തതിനാൽ അവർ എന്നെ സമീപിച്ചു. ഞാൻ പ്രധാനപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാരെ വിളിച്ചപ്പോൾ അവർ പറഞ്ഞത് ഒരു സംശയവും വേണ്ട അദ്ദേഹം തിരിച്ചുവരും, താൽക്കാലികമായി മാറി നിൽക്കുന്നതാണെന്നാണ്. പക്ഷേ 14-ാം തീയതി വൈകുന്നേരം തന്നെ ഈ കേസുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട അഞ്ചോ ആളുകളെ വിട്ടയയ്ക്കുകയും ചെയ്തു. അദ്ദേഹം തിരിച്ചുവരും എന്നുപറഞ്ഞ് കാത്തിരുന്നവർക്ക് 16-ാം തീയതി കിട്ടിയത് അദ്ദേഹത്തിന്റെ ശവമാണ്. ഇദ്ദേഹത്തിന്റെ വീടിന് സമീപത്തുനിന്ന് നൂറ് മീറ്റർ അകലെയായിട്ടാണ് ശവം കണ്ടെത്തിയത്. ചീഞ്ഞളിഞ്ഞ ശവശരീരമാണ് കാണാൻ കഴിഞ്ഞത്. പോലീസ് നായ സംഭവസ്ഥലത്ത് വന്നിരുന്നു. നേരത്തെ ഒരുതരത്തിലും അവിടെ ഇങ്ങനെയൊരു ശവം കണ്ടിരുന്നില്ല. ജനങ്ങൾ ബലമായി സംശയിക്കുന്നത് കൊന്നതിനുശേഷം അവിടെ കൊണ്ടിട്ടതാണെന്നാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ കൊലപാതകമാണെന്ന് തെളിയുന്നില്ല എന്നൊക്കെ പറയുന്നുണ്ട്. പക്ഷേ അദ്ദേഹം ഭീകരമായ എന്തോ ആക്രമണത്തിന്റെ ഭാഗമായി കൊല്ലപ്പെട്ടതാണ്. ഈ സംശയം ദൂരീകരിക്കാൻ പോലീസിന് ഇതുവരെ സാധിച്ചിട്ടില്ല. കുറ്റവാളികളായി പിടിക്കപ്പെട്ടവരെ വിടുകയും ചെയ്തിട്ടുണ്ട്. അവരെ കസ്റ്റഡിയിൽ എടുക്കുന്നില്ല. പ്രധാനമായും സംശയിക്കുന്ന രണ്ടുപേരുടെ പേര് ആക്ഷൻ കമ്മിറ്റി പോലീസിനെ അറിയിച്ചിട്ടുണ്ട്. ഇന്നേവരെ അവരെ ചോദ്യം ചെയ്യാനോ അറസ്റ്റ് ചെയ്യാനോ തയ്യാറായിട്ടില്ല. ആക്ഷൻ കമ്മിറ്റി ഇന്ന് അതിശക്തമായ പ്രക്ഷോഭത്തിലേയ്ക്ക് വരികയാണ്. ആ പ്രക്ഷോഭം ശക്തിപ്പെടാതിരിക്കണമെങ്കിൽ കുറ്റവാളികളെ കണ്ടെത്തി ദുരൂഹത നീക്കണം. ഇതിൽ ആഭ്യന്തരവകുപ്പിന്റെ ഭാഗത്തുനിന്ന് അടിയന്തിരമായ ഇടപെടൽ ഉണ്ടാകണം. അനേ്വഷണം നീട്ടിക്കൊണ്ടുപോകുന്നത് ഒരു തരത്തിലും ആ പ്രദേശത്തിന് ഗുണകരമല്ല എന്നുകൂടി അറിയിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽപ്പെട്ട ചെറുക്കളയിൽ 52 വയസ്സുള്ള മുഹമ്മദ് കുഞ്ഞി 13-1-2011-ന് രാത്രി 8 മണിക്ക് ഏതോ ഫോൺ കാൾ വന്നതിനെത്തുടർന്ന് വീട്ടിൽ നിന്ന് പോയതിനുശേഷം കാണാതായി എന്ന് മുഹമ്മദ് കുഞ്ഞിയുടെ ഭാര്യാ സഹോദരനായ സി. കെ. ഉമ്മർ കുട്ടി 14-1-2011-ന് വൈകിട്ട് 7 മണിയോടുകൂടി തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ഹാജരായി പരാതിപ്പെട്ടു. അതനുസരിച്ച് ക്രൈം 21/2011 ആയി മാൻ മിസ്സിംഗിന് ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. തളിപ്പറമ്പ് പോലീസ് കാണാതായ ആളിന്റെ വിവരങ്ങൾ വച്ച് ഇ-മെയിൽ സന്ദേശം അയച്ചും പോലീസ് നായയുടെ സേവനം ഉപയോഗിച്ചും സാക്ഷികളെ കണ്ട് ചോദിച്ചും പത്രത്തിൽ പരസ്യപ്പെടുത്തിയും അനേ്വഷണ നടപടികൾ നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

16-1-2011-ന് 8.45-ന് മുഹമ്മദ് കുഞ്ഞിയുടെ മൃതദേഹം അയാളുടെ വീട്ടിനടുത്തുള്ള കശുമാവിൻ തോട്ടത്തിൽ കിടക്കുന്നതുകണ്ടുവെന്നും മരണ കാരൃത്തിൽ സംശയമുള്ളതായും ഈ കേസ്സിലെ പരാതിക്കാരൻ പോലീസ് സ്റ്റേഷനിലെത്തി അറിയിച്ചു. പരിശോധന നടത്തിയതിൽ മുഹമ്മദ് കുഞ്ഞിയുടെ മൃതദേഹം കശുമാവിൻ തോട്ടത്തിലെ കാടുകൾക്കിടയിൽ നിലത്തുകിടക്കുന്നതായി കാണപ്പെട്ടു. തുടർന്ന് കേസ്സിൽ മാൻ മിസ്സിംഗ് എന്നുള്ളത് മാറ്റി ക്രിമിനൽ നടപടിക്രമം അനുസരിച്ചുള്ള വകുപ്പ് 174 ചേർത്ത് കോടതിക്ക് റിപ്പോർട്ട് നൽകി. 17-1-2011-ന് കേസ്സ് അന്വേഷണം തളിപ്പറമ്പ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഏറ്റെടുത്തു. സയന്റിഫിക് അസിസ്റ്റന്റ്, പോലീസ് എന്നിവരെ കൊണ്ട് തെളിവെടുപ്പ് നടത്തി. പോലീസ് നായയുടെ സേവനവും വിനിയോഗിച്ചു. തളിപ്പറമ്പ് സി.ഐ ഇൻക്വസ്റ്റ് നടത്തി. മൃതദേഹം പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ചാണ് പോസ്റ്റ് മോർട്ടത്തിന് വിധേയമാക്കിയത്. മൃതദേഹത്തിൽ മുറിവുകളൊന്നും ഉണ്ടായിരുന്നില്ലായെന്നും ഹൃദയധമനി ചുരുങ്ങിപ്പോയതാണെന്നും മരണകാരണം ആന്തരിക അവയവങ്ങളുടെ രാസപരിശോധനയ്ക്ക് ശേഷം മാത്രമേ വ്യക്തമാവുകയുള്ളുവെന്നുമാണ് പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള കേസ്സ് അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. ഈ കേസ്സ് അന്വേഷണത്തിന് മേൽനോട്ടം വഹിക്കാൻ കണ്ണൂർ എസ്.പി.-യ്ക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

(5) വെളിയാങ്കല്ല് റിസർവോയർ-കം-ബ്രിഡ്ജ് പ്രദേശത്ത് ടൂറിസം പാർക്ക്

ശ്രീ. ടി. പി. കുഞ്ഞുണ്ണി: സർ, തൃത്താല മണ്ഡലത്തിലെ വെളിയാങ്കല്ല് റിസർവോയർ-കം-ബ്രിഡ്ജ് പദ്ധതി പ്രദേശം ടൂറിസത്തിന് ധാരാളം സാധ്യതയുള്ളതാണ്. ഞാൻ കഴിഞ്ഞ വർഷം ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ അവിടെയൊരു മിനി പാർക്കും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ സാദ്ധ്യതകൾ ഉദ്യോഗസ്ഥന്മാർ വന്ന് പരിശോധിക്കുകയും. ചില പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. പക്ഷേ, ഇപ്പോൾ അതിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടക്കുന്നത്. അതുകൊണ്ട് അടിയന്തരമായി അങ്ങയുടെ ഇടപെടൽ ഇക്കാരൃത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പാലക്കാട് ജില്ലയിലെ തൃത്താലയിൽ വെളിയാങ്കല്ല് റിസർവോയർ -കം- ബ്രിഡ്ജ് വരുന്ന പ്രദേശം വലിയ ടൂറിസം സാധ്യതയുള്ളതാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇതനുസരിച്ച് അവിടെ ടൂറിസം വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനുവേണ്ടി 52 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. സിഡ്കോയെ ഇതിന്റെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്.. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ ആരംഭിച്ചതായാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. പ്രവൃത്തി ദ്രുതഗതിയിൽ മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly